ബാങ്കുകളുടെ നെറ്റ്ബാങ്കിങ് സൗകര്യം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് പേയ്മെന്റ്, UPI, e-POS സൗകര്യങ്ങൾ ലഭ്യമാണ്. പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വിവിധ ഓഫീസുകൾ സന്ദർശിക്കുന്നത് ഒഴിവാക്കുന്നതിനായി മറ്റ് വകുപ്പുകളിലെ ആപ്ലിക്കേഷനുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിക്കുവാൻ പര്യാപ്തമാണ്. ഇ-ട്രഷറിയിൽ 24*7 സമയം സേവനം ലഭ്യമാണ്.

ഭാഗ്യക്കുറി മേഖലയിൽ നവീകരണം

93(3524) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരക്കണക്കിന് ആളുകൾ വരുമാനമാർഗ്ഗമായി കാണുന്ന സംസ്ഥാന ലോട്ടറിയെ നവീകരിച്ച് കൂടുതൽ ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ലോട്ടറിയുടെ ഘടന കൂടുതൽ സമ്മാനങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര, ബമ്പർ പ്രതിമാസ ഭാഗ്യക്കുറികളുടെയും സമ്മാനഘടന 2021 മാർച്ച് മാസം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണം 12960 അധികമായി വർദ്ധിപ്പിച്ചും, സമ്മാന വിഹിതം നിലവിലുണ്ടായിരുന്ന 58.5% ത്തിൽ നിന്നും ഏകദേശം 60% വരെ വർദ്ധനവ് വരുത്തിയും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 12% ആയി വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തിയും, ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയുമാണ് സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്.

(സി) ബംബർ ഭാഗ്യക്കുറി മാതൃകയിൽ കൂടുതൽ ഒന്നാം സമ്മാനങ്ങൾ നൽകുന്നതരത്തിൽ പുതിയ ഭാഗ്യക്കുറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള 6 ബമ്പർ ഭാഗ്യക്കുറികൾക്കും ഒന്നാം സമ്മാനം ഒരെണ്ണം മാത്രമാണ് നൽകി വരുന്നത്. പ്രതിമാസ ഭാഗ്യക്കുറിയായ ഭാഗ്യമിത്രയ്ക്ക് ഒരു കോടി വീതം 5 ഒന്നാം സമ്മാനങ്ങൾ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly